**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - കയർ വികസനം - ഉത്സവകാലത്ത് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർ ഉൽപ്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം ചെയ്യുന്നതിനുള്ള ഇൻഡന്റ് നൽകുന്നതിനും ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ടി തുക കിഴിവ് നടത്തുന്നതിനും ശമ്പള വിതരണ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

സ.ഉ. (കൈ) നം. **364/2017/ധന.** തിരുവനന്തപുരം, തീയതി, **04.08.2017**

പരാമർശം - 1. സ.ഉ.നം. (സാധാ) നം. 958/2017/വ്യവ. തീയതി 05.07.2017

2. സ.ഉ.നം. (സാധാ) നം. 1100/2017/വ്യവ. തീയതി 1.8.2017

3. 554408/IND E2/2017/IND നമ്പറായുള്ള ഭരണവകുപ്പ് ഫയൽ

**<u>ഉത്തരവ്</u>**

കയർ ഉൽപന്നങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്യോഗസ്ഥർക്ക് തവണ വ്യവസ്ഥയിൽ കയർ ഉല്പന്നങ്ങൾ വാങ്ങുന്നതിനുമായി ഈ ഓണക്കാലത്ത് സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 15000 രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ക്രെഡിറ്റിൽ വാങ്ങുന്നതിന് അനുമതി നല്കി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരവും 1000 രൂപയുടെ കൂപ്പൺ വഴി കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരവും അനുമതി നൽകിയിരുന്നു.

ആവശ്യമുള്ള ഒരു ജീവനക്കാരന് പരമാവധി 15000/- (പതിനയ്യായിരം) രൂപയുടെ കയർ ഉൽപ്പന്നങ്ങൾ പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി ക്രെഡിറ്റായി ബന്ധപ്പെട്ട ശമ്പളവിതരണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്ന ഇൻഡന്റ് പ്രകാരം വാങ്ങാവുന്നതാണ്. ഉത്പന്നങ്ങൾ വാങ്ങിയതിന്റെ വില (സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നം വാങ്ങിയ വിവരത്തിന്റെ സ്ഥിരീകരണം ലഭിക്കുമ്പോൾ) 2017 ഒക്ടോബർ മാസം മുതൽ 5 തുല്യ തവണകളായി ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി ബന്ധപ്പെട്ട പൊതു മേഖല കയർ സ്ഥാപനത്തിന് നൽകേണ്ടതാണ്. പരാമർശം 2 ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി 1000 രൂപയുടെ കൂപ്പൺ ശമ്പള വിതരണ ഉദ്യോഗസ്ഥൻമാർ ആവശ്യക്കാർക്ക് വിതരണം ചെയ്യേണ്ടതും ഇത് 2017 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്ത് ബന്ധപ്പെട്ട പൊതു മേഖല കയർ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. ഇൻഡന്റ് ഫോറം, കൂപ്പണുകൾ എന്നിവ പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം ബന്ധപെട്ട സ്ഥാപനങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും

ഇപ്രകാരമുള്ള മേൽപ്പറഞ്ഞ ചുമതലകൾ നിർവഹിക്കുന്നതിനായി എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥൻമാരെയും (ഡി ഡി ഒ മാരെയും) ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ടി കിഴിവ് ശമ്പള ബില്ലിൽ വരുത്തുന്നതിനുള്ള ക്രമീകരണം ട്രഷറി ഡയറക്ടറുമായി ബന്ധപ്പെട്ട് സ്പാർക്ക് സംവിധാനത്തിൽ അടിയന്തിരമായി വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി. കാഞ്ചന**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ജി.ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ മേധാവികൾക്കും സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

വിവര പൊതു ജന സമ്പർക്ക വകുപ്പ് (വ്യാപകമായ പ്രചാരണത്തിനായി)

ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്, തിരുവനന്തപുരം

വ്യവസായ (ഇ) വകുപ്പ് ( e file No: 554408/IND E2/2017/IND പ്രകാരം )

ധനകാര്യ (PU-D) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ